പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8214 17.07.2014 -ലെ മറുപടിക്ക്

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. സി. കൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ; | (എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. 18/08/2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1289/2012/തൊഴിൽ ഉത്തരവ് പ്രകാരം കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനായി ശ്രീ. എ.എസ്.ശശി പ്രകാശ്, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, എറണാകുളത്തെ ചുമതലപ്പെടുത്തുകയും, കമ്മീഷൻ അന്വേഷണം പൂർത്തിയാക്കി 29/09/2012 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിൽ ബോർഡ് വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം 19 (1) അനുശാസിക്കുന്ന പ്രകാരം ബോർഡ് പിരിച്ച് വിടാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. ആയതിന് ബോർഡ് നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) സർക്കാർ പ്രഖ്യാപിച്ച ഉയർന്ന നിരക്കിലുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ടോ ; അതിനായി എത്ര തുക വേണ്ടി വരുമെന്ന കണക്കാക്കിയിട്ടുണ്ടോ ; എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.1305/2013/തൊഴിൽ പ്രകാരം 500/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ 12/2013 വരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| (സി) അംശദായമായി നീക്കിവെച്ചിരിക്കുന്ന തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ മതിയായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പര്യാപ്തമല്ല. എന്നാൽ അംശദായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Deepa

സെക്ഷൻ ഓഫീസർ